എം. ആർ. ടി. പി. പ്രകാരം അത് നിരസിക്കപ്പെട്ടു. പക്ഷേ സംസ്ഥാന ഗവൺമെന്റ് വീണ്ടും ഇടപെടുകയും അങ്ങനെ കെ. എസ്. ഐ. ഡി. സി. യുടെ സഹായത്തോടുകൂടി 1985 മേയ് മാസത്തിൽ സാംഫ്യൂറിക്കാസിഡ് പ്ലാന്റ് തുടങ്ങാനുള്ള ലൈറ്റർ ഓഫ് ഇന്റെന്റ് കിട്ടുകയും ചെയ്തു. 'സിൽക്കി'നെ സംബന്ധിച്ചിടത്തോളം അവിടെയാണ് ഏറ്റവും നല്ല യൂണിറ്റ്. പക്ഷേ അവിടെയുള്ള തൊഴിലാളികളുടെ ആവശ്യങ്ങൾ ഗവൺമെന്റിന് അംഗീകരിക്കാൻ സാധിക്കാത്തവയാണ്. അതുകൊണ്ടാണ് അത് പൂട്ടിക്കിടക്കുന്നത്. ഇന്നലെയും ചർച്ച നടന്നു. ആ ചർച്ചയും വിജയിച്ചില്ല. അത് വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മെമ്പർകൂടി സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(31) ചാവക്കാട് താലൂക്കാശുപത്രിയുടെ സൗകര്യമില്ലായ്മയെക്കുറിച്ച്

ശ്രീ. പി. കെ. കെ. ബാവ: സർ, നൂറ് വർഷത്തിലേറെ പഴക്കമുള്ള ഒരു താലൂക്കാശുപത്രിയാണ് ചാവക്കാട് താലൂക്കാശുപത്രി. ഒരു താലൂക്കാശുപത്രിക്കാവശ്യമായ യാതൊരു സൗകര്യവും ഇന്നുവരെ അവിടെ ഏർപ്പെടുത്തിയിട്ടില്ലായെന്നും വളരെ സങ്കടപൂർവ്വം ഞാൻ അറിയിക്കുകയാണ്. എക്സ്റേ മെഷീൻ തീരെ അപര്യാപ്തമാണ്. ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അവിടെ നിയമനം നടന്നിട്ടില്ല. ഒരുപകരണങ്ങളും അവിടെ നൽകിയിട്ടില്ല. പഴകി കേടുവന്ന ഒ. പി. കെട്ടിടത്തോടനുബന്ധിച്ചുള്ള വാർഡുകളിന്നും ചോർന്നൊലിക്കുകയാണ്. കക്കൂസുകൾ തീരെപോരാ. ആശുപത്രിയിലെ കിണറ്റിൽ ഉപ്പുവെള്ളമാണ്. അവിടെ ശുദ്ധജലം ലഭ്യമാക്കണം. ഇപ്പോൾ ചാവക്കാട് മുനിസിപ്പാലിറ്റി നൽകിയിട്ടുള്ള വാട്ടർ ടാപ്പിൽ നിന്ന് ഒരു ദിവസം അര മണിക്കൂർ മാത്രമാണ് ശുദ്ധജലം ലഭിക്കുന്നത്. വളരെ പാവപ്പെട്ട ആളുകളാണ് അവിടെ ആശുപത്രിയെ സമീപിക്കുന്നത്. അതുകൊണ്ട് അവർക്ക് ആവശ്യമായ വൈദ്യശുശ്രൂഷ ലഭിക്കുന്നില്ല. അവർക്ക് ശുദ്ധജലം കുടിച്ച് മരിക്കുന്നതിനെങ്കിലുമുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അപേക്ഷിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട ചെയറിനും മുഖ്യമന്ത്രിക്കും കൂടി താല്പര്യമുള്ള കാര്യമാണ് എന്ന് ഞാൻ അനുസ്മരിക്കുകയാണ്. അതുപോലെതന്നെ സ്ഥലസൗകര്യ പരിമിതികൊണ്ടുമൂലം പല യിടങ്ങളിലും രോഗികളെ കൂട്ടിയിട്ടിരിക്കുകയാണ്. ഇപ്പോൾ വിലയിടിവ് കാരണം തേങ്ങ കൂട്ടിയിട്ടിരിക്കുന്നതുപോലെയാണ് രോഗികളെ കൂട്ടിയിട്ടിരിക്കുന്നത്. മനുഷ്യജീവൻ കൊണ്ടുപന്താടുന്ന ഈ ഏർപ്പാടു നിർത്തി രോഗികൾക്കാവശ്യമായ സൗകര്യങ്ങൾ അവിടെ ലഭ്യമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അവിടെ 12 കിടക്കകളുള്ള വാർഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. റിപ്പയറിംഗ് വർക്കിന് പി. ഡബ്ല്യു. ഡി. യെ ഏല്പിച്ചു കഴിഞ്ഞു. അതുപോലെതന്നെ സാനിട്ടേഷനിലേക്ക് ഒരു ഇ. സി. ജി. അപ്പാരാറസ് മാറിക്കൊടുത്തിട്ടുണ്ട്. അവിടെ മരുന്നുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. റിഫ്രിജറേറ്റർ റിപ്പയർ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടി വെള്ളത്തിന്റെ കാര്യം ചാവക്കാട് ഏരിയായിൽ മുഖ്യമായ ഒരു പ്രശ്നമാണ്. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനോടു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly